بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
***06 November 2020 / 20 Rabi'ul Awwal 1442 AH***

# *Duahs (Invocations)* (Pt. 18) ദുആകൾ (ഭാഗം-18)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം ദുആകൾ എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പതിനെട്ടാമത്തെ പ്രസംഗം ആരംഭിക്കുകയുണ്ടായി. അൽഹംദുലില്ലാഹ്! സുമ്മ അൽഹംദുലില്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അവ എനിക്ക് വെളിപാടുകളായി നല്കിയ ദുആകൾ ആണ്, അത് ഇന്നത്തെ ഖുത്തുബയിലും തുടരുകയാണ്. അവന്റെ സന്നിധിയിൽ നമുക്ക് കൂടുതൽ നല്ല ഇടം ലഭിക്കുവാനുള്ള നല്ല ജീവിതം അവൻ നമുക്ക് നല്കി അനുഗ്രഹിക്കട്ടെ. അവനിലേക്കുള്ള വഴി അവൻ നമുക്ക് തുറന്നു നല്കട്ടെ, അവനെ സമീപിക്കുവാനുള്ള വഴികളും, തുറന്നു തരട്ടെ! ആമീൻ! സുമ്മ ആമീൻ!

യാ അല്ലാഹ്! നീ ഞങ്ങളോടൊപ്പമായിരുന്നു. (അഥവാ ഞങ്ങളുടെ ക്ഷേമത്തിന് വേണ്ടി നീ തന്നെയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്) ഞങ്ങൾ ഞങ്ങളായി തീരുന്നതിന് മുൻപ്! ഞങ്ങൾ ഉണ്ടായതു മുതൽ നീ ഞങ്ങളോടൊപ്പമുണ്ടായിരുന്നതുപോലെ! നിന്റെ സൂക്ഷമതയാകുന്ന വസ്ത്രം ഞങ്ങളുടെ മേൽ അണിയിച്ചാലും! നിന്റെ മഹിമ ഞങ്ങളുടെ മേൽ പൊതിഞ്ഞാലും. സ്വന്തം ഇച്ഛകളാകുന്ന അന്ധകാരത്തെ ഞങ്ങളുടെ ഹൃദയങ്ങളിൽ നിന്നും പുറത്തേക്കാനയിച്ചാലും! ഞങ്ങളുടെ ഹൃദയങ്ങളെ പ്രകാശപൂരിതങ്ങളാക്കി മാറ്റേണമെ, അങ്ങനെ ഞങ്ങളെ നിനക്ക് പൂർണ്ണമായി കീഴടങ്ങിയവരായ നിലയിലാക്കേണമെ!

നിന്റെ ഇച്ഛകളെ ഗുണങ്ങളായി കണ്ട് അതിനെപറ്റി ചിന്തിക്കുന്നവരാക്കി ഞങ്ങളെ നീ മാറ്റേണമെ! അങ്ങനെയാകുമ്പോൾ നീ എന്താണോ ഞങ്ങൾക്കായി ആവശ്യപ്പെടുത്തുന്നത്, നീ എന്താണോ ഞങ്ങൾക്കായി തിരഞ്ഞെടുക്കുന്നത്, അത് ഞങ്ങൾക്ക് കൂടുതൽ പ്രിയങ്കരമായി തീരുന്നതാണ്. ഞങ്ങൾ ഞങ്ങൾക്കായി സ്വയം തിരഞ്ഞെടുക്കുന്നതിനേക്കാൾ നീ എന്താണോ ഞങ്ങളോടാവശ്യപ്പെട്ടത് അഥവാ നീ എന്താണോ ഞങ്ങളോട് കല്പിച്ചത് അതിൽ നിന്നും വ്യതിചലിച്ചുപോകാതിരിക്കുവാനുള്ള ഉത്തരവാദിത്വം നീ ഏറ്റെടുക്കേണമെ! നിന്റെ മുമ്പിൽ ഉറച്ചു നില്ക്കുവാനും നിനക്കായി സകലതും സമർപ്പിക്കുവാനുമായി നീ ഞങ്ങളെ ക്ഷണിച്ചിരിക്കുകയാണ്. ഇതെല്ലാം ചെയ്യുവാൻ ഞങ്ങൾ അശക്തരാണ്; നീ ഞങ്ങൾക്ക് അത് ചെയ്യുവാനുള്ള ശക്തി പകർന്നു നല്കുന്നില്ലെങ്കിൽ! നീ ഞങ്ങളെ ശക്തിപ്പെടുത്തുന്നില്ലെങ്കിൽ, ഞങ്ങൾ വളരെ ദുർബലരായിപ്പോകും (നിന്റെ ഇച്ഛയ്ക്കനുസരിച്ച് ഞങ്ങൾക്ക് പ്രവർത്തിക്കുവാൻ കഴിയാതെ വരുന്നതാണ്)

ഞങ്ങൾ എന്തായാലെന്താണ്? മുൻകൂട്ടി നീ ഞങ്ങൾക്ക് വേണ്ടതൊരുക്കി വെയ്ക്കുന്നില്ലെങ്കിൽ! നീയില്ലാതെ ഞങ്ങൾക്കവിടെ എന്തുനേടാനാണ്? നിന്റെ സഹായമില്ലാതെ ഞങ്ങൾക്കെന്തു ചെയ്യുവാൻ സാധിക്കും? ഞങ്ങൾക്കെന്തു ശക്തിയാണുള്ളത്? ആയതിനാൽ ഞങ്ങളോട് ചെയ്യുവാൻ എന്താണോ കല്പിച്ചത് അതു

ചെയ്യുവാനുള്ള സാഹചര്യം ഞങ്ങൾക്ക് ഒരുക്കി തന്നാലും! ഏതൊന്നിൽ നിന്നും അകലം പാലിക്കുവാൻ കല്പിച്ചുവോ അതിൽ നിന്നും വിദൂരതയിലായിരിക്കുവാൻ ഞങ്ങളെ സഹായിച്ചാലും!

യാ അല്ലാഹ്! ത്യാഗത്തിന്റെ ആരാമങ്ങളിലേക്ക് നീ ഞങ്ങളെ നയിച്ചാലും! അനുസരണത്തിന്റെ സ്വർഗ്ഗത്തിലേക്ക് ആനയിച്ചാലും!

അവരുടെ സൗഭാഗ്യം ഞങ്ങൾക്ക് സന്തോഷം പകരു! എന്നാൽ ഞങ്ങളുടെ അന്തരംഗം (ഞങ്ങളുടെ ഹൃദയം, മനസ്സ്) എന്നോടൊപ്പം വസിക്കട്ടെ! മറിച്ച് അവരുടെ സൗഭാഗ്യങ്ങളിലും സന്തോഷങ്ങളിലും ആകാതിരിക്കട്ടെ! ഞങ്ങളുടെ സൗഭാഗ്യം നിന്നോടൊപ്പമായിരിക്കട്ടെ! (ഈ ആരാമങ്ങളിലെ സൗഭാഗ്യത്തിലും വസ്തുവകകളിലുമാകാതിരിക്കട്ടെ) അല്ലയോ എന്റെ ദൈവമേ! നിനക്ക് കീഴടങ്ങുന്നതിന്റെ പ്രകാശത്താൽ ഞങ്ങളെ പ്രകാശിപ്പിക്കുക. ഞങ്ങളുടെ താത്പര്യം മുഴുവൻ നിന്നോടായിരിക്കേണമെ! അത് മാത്രമാണ് ഞങ്ങളുടെ അന്തഃരംഗത്തിന് സന്തോഷം പകരുന്നത്; അതിലൂടെയാണ് ഞങ്ങളുടെ പ്രകാശപൂർത്തീകരിക്കപ്പെടുന്നത്.

ഓരോ വസ്തുവും അത് നിലവിൽ വരുന്നതിനു മുൻപുതന്നെ അതിനെപറ്റിയുള്ള നിയമനിർമ്മാണം നീ നടപ്പിലാക്കിയിട്ടുണ്ട്. നീ സംഭവിപ്പിക്കുന്നത് അതു മാത്രമാണ് എന്ന് ഞങ്ങൾക്കറിയാം. ഈ അറിവ് ഞങ്ങൾക്ക് മാത്രം പ്രയോജനമുള്ളതാണ്, അത് നീ ആഗ്രഹിക്കുന്ന അളവിൽ മാത്രം നല്കുന്നതാണ്. ഞങ്ങളുടെ പിന്നിലേക്കും നിന്റെ അനുഗ്രഹങ്ങൾ നിറച്ചയയ്ക്കൂ! ഞങ്ങളുടെ അന്തസ്സിനെ ഉയർത്തിയാലും! അത് നിന്റെ മാത്രം അനുഗ്രഹമാണ്. നിന്റെ ആവശ്യത്തിനുള്ള ഉപകരണങ്ങളാക്കി ഞങ്ങളെ മാറ്റിയാലും. ഞങ്ങൾക്കു ചുറ്റും നീ നിന്റെ സംരക്ഷണ വലയം തീർക്കേണമെ! നിന്റെ സൗഹൃദത്തിലൂടെ പ്രയോജനം സിദ്ധിച്ചവരുടെ മേലങ്കികൾ ഞങ്ങളെ അണിയിച്ചാലും! നിന്റെ സംരക്ഷണയിൽ ഞങ്ങളെ പാർപ്പിച്ചാലും, കാരണം നീ എല്ലാത്തിനും കഴിവുറ്റവനാണല്ലോ!

യാ അല്ലാഹ്! നിന്റെ തീരുമാനത്തെ എതിരിടുവാൻ ഒരാൾക്കും സാധ്യമല്ല എന്ന് ഞങ്ങൾ അറിയുന്നു. നിന്റെ വിധിയെ മാറ്റുവാനും ഒരാൾക്കും കഴിയുകയില്ല. നിന്റെ വിധിയെ തിരസ്ക്കരിക്കുവാൻ കഴിയാത്തവരാണ് ഞങ്ങൾ എന്നിരിക്കെ, നിന്റെ വിധിയെ തിരസ്സിക്കരിക്കുവാൻ അശക്തമായിരിക്കെ, നിന്റെ നിശ്ചയത്തെ മാറ്റം വരുത്തുവാൻ സാധിക്കാതിരിക്കെ, ഞങ്ങൾ നിന്റെ പരോപകാരതത്പരതയെ യാചിക്കുകയാണ്, നീ വിധിച്ചു കഴിഞ്ഞ കാര്യത്തിന്റെ മേലും, അതിലൂടെ ഞങ്ങളിൽ കൊണ്ടുവരുവാൻ തീരുമാനിച്ച കാര്യത്തിന്റെ മേലും നീ ഞങ്ങളിൽ കരുണകാട്ടേണമെ! ഈ എല്ലാ കാര്യങ്ങളിലും നിന്റെ പ്രത്യേകമായ പരിഗണനകൾ ഞങ്ങളുടെമേൽ ഉണ്ടാകേണമെ! സർവ്വലോകങ്ങളുടെയും രക്ഷിതാവായവനേ!

യാ അല്ലാഹ്! നീ ഞങ്ങൾക്കായി ഉപജീവനത്തിന്റെ ഒരു ഭാഗം തന്നു കഴിഞ്ഞിരിക്കുന്നു. നീ ഞങ്ങൾക്കായി നല്കുന്നതെന്തായാലും (ഞങ്ങൾക്ക് പരാതിയില്ല) അത് ഞങ്ങളിലേക്ക് സമാധാനപൂർവ്വം എത്തിച്ചേരേണമെ! ഞങ്ങൾ തളർന്നുപോകാതെ നീ ഞങ്ങളെ സംരക്ഷിക്കേണമെ! മറയില്ലാതെ നീ ഞങ്ങളെ സംരക്ഷിക്കേണമെ! പ്രകാശസംഗമത്തിൽ നീ ഞങ്ങളെ കുളിപ്പിക്കേണമെ! ഞങ്ങളുടെ ഉപജീവനം നിന്റെ ഭാഗത്ത് നിന്നുള്ള ഒരനുഗ്രഹമായിരിക്കേണമെ! അപ്പോൾ ഞങ്ങൾ നിന്നോട് നന്ദിയുള്ളവരായിരിക്കുമല്ലോ! ഈ അനുഗ്രഹം നിന്റെ പേരിൽ മാത്രമുള്ളതും, മറ്റൊരാൾക്കും ഈ ലോകത്ത് അതിന് അവകാശമില്ലാത്തതുമായിരിക്കുമല്ലോ! അല്ലയോ എന്റെ ദൈവമേ! ഭൂമിയിലും ആകാശത്തുമുള്ള ഞങ്ങ

ളുടെ ഉപജീവനം നിന്റെ കയ്യിൽ മാത്രമാണുള്ളത്. ഞങ്ങൾക്ക് പ്രയോജനമുള്ള തെന്താണോ അത് നീ ഞങ്ങൾക്ക് നല്കിയാലും! അത് മാത്രമെ ഞങ്ങൾക്ക് പ്രയോജനകരമായി തീരുകയുള്ളു.

യാ അല്ലാഹ്! നീ ഞങ്ങളെ നീ തെരഞ്ഞെടുത്തവരിൽ ഉൾപ്പെടുത്തേണമെ! നിനക്കെതിരായി തെരഞ്ഞെടുത്തവരിൽ നീ ഞങ്ങളെ ഉൾപ്പെടുത്തരുതേ! സ്വയം നിന്നെ ഒഴിവാക്കിയവരിൽ ഉൾപ്പെടുത്തരുതേ! നിന്നെ എതിർക്കുന്നവരിൽ നീ ഞങ്ങളെ ഉൾപ്പെടുത്തരുതേ! എന്റെ ദൈവമേ! ഞങ്ങൾക്ക് നല്കിയാലും, ഞങ്ങൾക്ക് നിന്നെ വളരെയധികം ആവശ്യമുണ്ട്. നിന്നെ അനുസരിക്കുവാൻ ഞങ്ങൾക്ക് ശക്തിയില്ല. അതിനുള്ള ശക്തി നീ കഴിഞ്ഞു നല്കിയാലും! നിന്നെ അനുസരിക്കാതിരിക്കുവാനുള്ള കഴിവ് നീ ഞങ്ങൾക്ക് നല്കരുതേ! നീ ഞങ്ങളെ നിന്റെ ഭരണത്തിന്റെ കീഴിലുള്ള പ്രജകളാക്കേണമെ! നിന്റെ ദൈവീക തീരുമാന ങ്ങളിൽ സഹനം കൈക്കൊള്ളുവാനുള്ള കഴിവ് നല്കിയാലും! ഞങ്ങൾക്കുള്ള തെല്ലാം നിന്റേതാണെന്നുള്ള അഭിമാനബോധം ഞങ്ങളിൽ വളർത്തിയാലും! ഞങ്ങ ളുടെ ഹൃദയങ്ങൾക്ക് നീ ശാന്തി പകർന്നു നല്കിയാലും! ഞങ്ങൾ എല്ലാം നിന്നിൽ ഭരമേല്പിച്ചിരിക്കുന്നു. ദൈവീക തൃപ്തിയിൽ പ്രവേശിച്ചവരുടെ മണ്ഡലങ്ങളിൽ നീ ഞങ്ങളെ പ്രവേശിപ്പിക്കേണമെ! സമ്പൂർണ്ണമായും നിന്റെ മുമ്പിൽ കീഴടങ്ങി യവരിൽ നീ ഞങ്ങളെയും ഉൾപ്പെടുത്തേണമെ! ദൈവീക അറിവിന്റെ ഫലങ്ങൾ ശേഖരിക്കുന്നവരിൽ ഉൾപ്പെടുത്തിയാലും! മഹത്വമേറിയ മേലങ്കി അണിയിക്കപ്പെ ട്ടവരോടൊപ്പം, മഹത്വനിധി കീഴടക്കിയവരോടൊപ്പം, നിന്റെ സ്നേഹം ആരുടെ മുമ്പിൽ തുറക്കപ്പെട്ടുവോ, അവരോടൊപ്പം നീ ഞങ്ങളെ ചേർക്കേണമെ! അത്തരം സാഹചര്യത്തിൽ അവർ നിരന്തരം നിന്റെ സേവനത്തിൽ നിരതരായിരിക്കുമല്ലോ! അവർക്ക് കാര്യങ്ങൾ ബോധ്യപ്പെട്ടിരിക്കുന്നവരാണ് അല്ലാഹുവിന്റെ ദൂതൻ (സ) യുമായി അവർ ചേർന്നു നില്ക്കുന്നവരാണ്. അദ്ദേഹത്തിന്റെ അനന്തരാവകാശി കളായി അവർ മാറുന്നതാണ്. അദ്ദേഹത്തിലൂടെ അവർ സ്വയം സമ്പൂർണ്ണരായി തീരുന്നതാണ്. അദ്ദേഹം അവരെ തന്റെ അനുചര സംഘത്തിൽ ഉൾപ്പെടുത്തു ന്നതാണ്. സർവ്വലോക രക്ഷിതാവേ, ഞങ്ങളുടെ ഈ ലോകജീവിതത്തിന് വിരാ മമിടുന്നത് നിന്നിൽ നിന്നുള്ള നന്മയിലൂടെ ആയിരിക്കേണമെ!

യാ ! അല്ലാഹ്! എന്റെ ഹൃദയത്തിൽ നിന്നെപറ്റിയുള്ള പ്രതീക്ഷ ഇട്ടുത ന്നാലും! നീ അല്ലാത്ത മറ്റാളുകളിലൂള്ള പ്രതീക്ഷ എന്നിൽ നിന്നും നീക്കം ചെയ്താലും! അങ്ങനെ ആയാൽ ഭാവിയിൽ ഒരിക്കലും നീയല്ലാത്ത മറ്റാരിലും ഒരു പ്രതീക്ഷയും വെയ്ക്കാതിരിക്കുവാൻ കഴിയുമല്ലോ!

യാ ! അല്ലാഹ്! എന്റെ ആഗ്രഹവും എന്റെ അർത്ഥനയും എന്റെ നാവിലൂടെ ഉറപ്പായ നിലയിൽ പുറത്തു വരുന്നില്ലല്ലോ, നിനക്ക് ഓരോ വിശ്വാസിക്കും കൊടു ക്കുവാനുള്ള കഴിവുള്ളവനാണല്ലോ, മാനവരാശിയിലെ ആദ്യത്തെയും അവസാ നത്തെയും വ്യക്തിക്ക് കൊടുക്കുവാനുള്ള കഴിവുള്ളവനാണല്ലോ! കരുണാവാരി ധികളിൽ വെച്ച് ഏറ്റവുമധികം കാരുണ്യമുള്ളവനെ നീ അവർക്കു നല്കുന്നതോ ടൊപ്പം എനിക്കും പ്രത്യേകമായി നല്കേണമെ (ആമീൻ)

ഈ പ്രാർത്ഥനകൾ 2020 ഏപ്രിൽ 13ന് ലോക്ഡൗൺ കാലയളവിൽ എനിക്ക് വെളിപാടായി ലഭിച്ചതാണ്. ദൈനംദിന ചിലവുകൾക്ക് പ്രയാസം നേരിട്ട വേള യിൽ! അൽഹംദുലില്ലാഹ്! സുമ്മഅൽഹംദുലില്ലാഹ്! അല്ലാഹു(ത) ഈ ദുആ കൾ എനിക്ക് വെളിപാടായി നല്കി! ഒരാഴ്ചക്കാലം ഞാൻ ഈ ദുആകൾ ചെയ്തു കൊണ്ടിരുന്നു. റമദാന് മുമ്പ് തന്നെ ഞാൻ അഭിമുഖീകരിച്ച പ്രശ്നം പരിഹരി

ക്കപ്പെടുകയുണ്ടായി.,

സർവ്വസ്തുതിയും അല്ലാഹുവിന് മാത്രമാകുന്നു. അവനെ സ്മരിക്കുന്നവനെ അവൻ സ്മരിക്കാതിരിക്കില്ല. അവനോട് യാചിക്കുന്നവനെ അവൻ മറക്കുകയുമില്ല.

2020 ഏപ്രിൽ 27ന് വൈകുന്നേരം 2.55ന് (റമദാൻ 3ന് 4–ാം തറാവീഹ്ന്) അല്ലാഹു (ത) ഈ ദുആ പേർഷ്യൻഭാഷയിൽ എനിക്ക് നല്കുകയുണ്ടായി.

യാ ! അല്ലാഹ്! നീ മാത്രമാണ് എന്റെ ഒരേ ഒരു ലക്ഷ്യം. നിന്റെ തൃപ്തി എനിക്ക് സമ്മാനിച്ചാലും! നിന്റെ സ്നേഹം എനിക്ക് നല്കിയാലും, നിന്റെ ജ്ഞാനം എനിക്ക് നല്കിയാലും, നിന്റെ രുചി എനിക്ക് നല്കിയാലും, നിന്റെ വികാരം എനിക്ക് നല്കിയാലും!

എന്റെ ഒരു അനുചരൻ, വേദനയാൽ വിഷമിക്കുകയായിരുന്നു. അദ്ദേഹം എന്നോട് ചില ദുആകൾ ആവശ്യപ്പെട്ടു. തന്റെ രോഗശാന്തിക്കായി; പ്രസ്തുത രോഗത്താൽ അദ്ദേഹം വളരെ വിഷമത്തിലായിരുന്നു. ഞാൻ അദ്ദേഹത്തിന് വേണ്ടി ആഴ്ചകളോളം വളരെയധികം ദുആ ചെയ്തുകൊണ്ടിരുന്നു. 2020 ഏപ്രിൽ 21–ാം തീയതി വൈകുന്നേരം 5.30 ന് അല്ലാഹു(ത) എനിക്ക് ഈ ദുആകൾ വെളിപ്പെടുത്തി തരുകയുണ്ടായി. സൂറ:ഫാത്തിഹ 3 പ്രാവശ്യം ഓതുക; സൂറ:ഫാത്തിഹ സൂറ:ശ്ശിഫാ എന്ന പേരിലും അറിയപ്പെടുന്നു. അതിനുശേഷം യാ റസ്സാക്ക് ദുൽഖുവ്വത്തിൽ മത്തീൻ (7 പ്രാവശ്യം)

യാ ദാഫിയൽ ബാലിയ്യാത്ത് ഇദ്ഫഉ ഹാദുൽ ബലായാ! യാ ശാഫിഅൽ അംറാദ് ഇ്ഇശ്ഫി ഹാദൽ മർദ് (3 പ്രാവശ്യം)

വിശുദ്ധഖുർആനിലെ ഈ വചനം കൊണ്ട് ഞാൻ ഇത് ഇവിടെ അവസാനിപ്പിക്കുന്നു. അല്ലാഹു(ത) പറയുന്നു. ഒരു മനുഷ്യന്റെ ഉള്ളിൽ അവൻ രണ്ടു ഹൃദയം സ്ഥാപിച്ചിട്ടില്ല.

ഈ വചനത്തിന് ഞാൻ ഒരു ചെറിയ വിശദീകരണം നല്കുകയാണ്.

താരതമ്യം ചെയ്യാൻ കഴിയാത്ത നിലയിലുള്ള ഔദാര്യവാൻ, നിങ്ങൾക്കവൻ കനിഞ്ഞു നല്കിയിരിക്കുകയാണ്. അതാണ് നിങ്ങളുടെ നിലനില്പ്! പ്രസ്തുത നിലനില്പിന് അവൻ നിങ്ങൾക്ക് ഒരു ഹൃദയമാണ് നല്കിയിട്ടുള്ളത്. ആയതിനാൽ, അതുകൊണ്ട്, നിങ്ങൾ അവനെ മാത്രം, ദൈവത്തെ മാത്രം സ്നേഹിക്കുക! അവനല്ലാത്ത മറ്റെല്ലാത്തിനേയും നിങ്ങൾ കയ്യൊഴിയുക. ആയതിനാൽ നിങ്ങൾ സ്വയം നിങ്ങളെ ദൈവ സേവയ്ക്കായി സമർപ്പിക്കുക. നിങ്ങളുടെ ഹൃദയത്തെ നിങ്ങൾ വിഭജിക്കരുത്.

ഒരു ഖുദ്സിയായ ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു. അല്ലാഹു(ത) പറയുന്നു. ഞാനൊരു മറഞ്ഞ നിധി ആയിരുന്നു. അത് അറിയപ്പെടാൻ ഞാൻ ആഗ്രഹിച്ചു. അതുകൊണ്ടാണ് ഞാൻ ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചത്.

സമയക്കുറവിനാൽ, ഇന്ന് ഞാൻ ഇത് ഇവിടെ നിർത്തുകയാണ്. ഇൻശാ അല്ലാഹ് ! അടുത്ത വെള്ളിയാഴ്ച വെളിപാട് ദുആകൾ എന്ന വിഷയം തുടരുന്നതാണ്. ഇൻശാ അല്ലാഹ് ! ആമീൻ! സുമ്മ ആമീൻ!

*Translated & Issued by : Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India, E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*